# എന്താണ് ഞങ്ങളുടെ രാഷ്ട്രീയം?

'എന്താണ് നിങ്ങളുടെ രാഷ്ട്രീയം?'

ഈ പത്രം പരിചയപ്പെടുത്തിക്കൊണ്ട് സംസാരിക്കുമ്പോൾ പലരും ചോദിക്കുന്ന ചോദ്യമാണിത്.

'പ്രത്യേകിച്ച് ഒരു രാഷ്ട്രീയവുമില്ല' എന്നാണ് ആ ചോദ്യത്തിനു മറുപടി കൊടുക്കാറ്.

ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായോ പ്രസ്ഥാനവുമായോ യാതൊരു ബന്ധവുമില്ല എന്ന അർത്ഥത്തിലാണ് അങ്ങനെയൊരു മറുപടി കൊടുക്കുന്നത്. ആ അർത്ഥത്തിൽ അതു ശരിയാണുതാനും.

പക്ഷേ,

ഇന്നത്തെ സമൂഹത്തിൽ ഇടപഴകുന്ന ഒരു മനുഷ്യനും എനിക്കൊരു രാഷ്ട്രീയവുമില്ല എന്നു പറയാനാകില്ല. ഓരോ മനുഷ്യന്റെയും ഓരോ നിലപാടുകളും ഓരോ ചെറിയ പ്രവൃത്തികളും രാഷ്ട്രീയ ബന്ധമുള്ളതുതന്നെയാണ്. അതെ, നിങ്ങൾ തിന്നുന്നതിൽ, കുടിക്കുന്നതിൽ, കളിക്കുന്നതിൽ, പഠിക്കുന്നതിൽ- എല്ലാത്തിലും നിങ്ങളുടെ രാഷ്ട്രീയം നിങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്.

വീട്ടിൽ വരുന്ന അതിഥികൾക്കു ചെറുനാരങ്ങാ പിഴിഞ്ഞ വെള്ളം കൊടുക്കണോ അതോ ഏതെങ്കിലും കോള വാങ്ങി ഫ്രിഡ്ജിൽ വച്ച് അതിൽനിന്നും പകർന്നുകൊടുക്കണോ എന്ന കാര്യത്തിൽ നിങ്ങളെടുക്കുന്ന തീരുമാനം വെറുമൊരു ആചാരമര്യാദയുടെ പ്രശ്നം മാത്രമല്ല, ഒരു രാഷ്ട്രീയ നിലപാട് കൂടിയാണ്. കള്ള് കുടിക്കില്ലെന്നോ കൈക്കൂലി കൊടുക്കില്ലെന്നോ മാംസം കഴിക്കില്ലെന്നോ തീരുമാനിക്കുമ്പോഴും അതൊക്കെ വെറും സദാചാര നിഷ്ഠകൾക്കപ്പുറത്ത് വ്യക്തമായ രാഷ്ട്രീയ നിലപാടുകൾ കൂടിയാണ്. ഉമിക്കരികൊണ്ട് പല്ലു തേച്ചിരുന്ന ഒരാൾ ബഹുരാഷ്ട്ര കുത്തകയുടെ ഉത്പന്നമായ കോൾഗേറ്റുകൊണ്ടോ ക്ലോസപ്പ് കൊണ്ടോ പല്ല് തേക്കാൻ ആരംഭിക്കുമ്പോൾ അയാൾ അയാളുടെ രാഷ്ട്രീയത്തിലെ ഒരു ചുവടാണ് മാറുന്നത്.

രാഷ്ട്രീയമില്ലാതെ നമുക്കൊന്നും ചെയ്യാനാവില്ല ഇന്ന്. രാഷ്ട്രീയത്തെക്കുറിച്ച് ഇങ്ങനെയൊരു കാഴ്ചപ്പാട് വച്ചു നോക്കുമ്പോൾ ഈ പത്രത്തിനു രാഷ്ട്രീയമില്ലെന്നു പറയാനേ വയ്യല്ലോ?

ഇന്ന നാട്ടിൽ ഇന്ന ദേശത്ത് ഇന്ന വീട്ടിൽ ഇന്നയാളുടെ മകൻ അല്ലെങ്കിൽ മകളായ ഇന്നയാൾ എന്നാണ് മലയാളി അവന്റെ വിലാസം എഴുതാറ്. ഇംഗ്ലീഷുകാരൻ വിലാസമെഴുതുമ്പോൾ അതു കീഴ്മേൽ മറിയുന്നു- ഏറ്റവുമാദ്യം ഞാൻ; അതുകഴിഞ്ഞ് എന്റെ അച്ഛൻ, അതു കഴിഞ്ഞ് എന്റെ വീട്, അവസാനം നാട് എന്നാവുന്നു ആ ക്രമം. ഈ പ്രകൃതിയുടെ ഭാഗമായ, അങ്ങനെ മാത്രം നിലനില്പുള്ള, മനുഷ്യൻ- ഇതാണ് മനുഷ്യനെക്കുറിച്ച് ഞങ്ങളുടെ നിലപാട്. പ്രകൃതിയെ, ചുറ്റുപാടുകളെ, ഏറ്റവും കുറച്ചു മാത്രം ചൂഷണം ചെയ്യുന്ന ഒരു ജീവിതശൈലി- ഇതാണ് ജീവിതത്തെക്കുറിച്ചും സമൂഹത്തെക്കുറിച്ചും ഞങ്ങളുടെ കാഴ്ചപ്പാട്. പ്രകൃതിനിയമങ്ങളെയും വൈവിധ്യങ്ങളിലും വൈരുദ്ധ്യങ്ങളിലും അധിഷ്ഠിതമായ പ്രകൃതിയുടെ പരിപാലന സമ്പ്രദായത്തേയും തകരാറിലാക്കുന്ന യാതൊന്നും പുരോഗമനമല്ല- ഇതാണ് വികസനത്തെക്കുറിച്ചുള്ള ഞങ്ങളുടെ സങ്കല്പം.

മനുഷ്യനേയും സമൂഹത്തേയും പുരോഗതിയേയും കുറിച്ചുള്ള ഈ ലളിതമായ വീക്ഷണത്തെ പ്രായോഗികമാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതാണ് ഞങ്ങളുടെ രാഷ്ട്രീയം.

ചെറുത് സുന്ദരമാണ് എന്നു ഞങ്ങൾ കരുതുന്നു. ലോകത്തിലെ എല്ലാ വലിയ പ്രശ്നങ്ങൾക്കും തീരെ ലളിതമായ പരിഹാരങ്ങളുണ്ട് എന്നു വിശ്വസിക്കുന്നു. 'പശു നമുക്ക് പാൽ തരുന്നു' എന്ന ബാലപാഠം മുതലേ തെറ്റുണ്ടെന്നും 'പശുവിനെ കെട്ടിയിട്ട് നമുക്ക് പാൽ കവർന്നെടുക്കാം' എന്നു തിരുത്തി പഠിപ്പിക്കണമെന്നും അഭിപ്രായപ്പെടുന്നു.

എല്ലാ പ്രശ്നങ്ങൾക്കും ലളിതമായ പരിഹാരങ്ങളുണ്ട് എന്നു പറയുമ്പോൾ, എല്ലാ പ്രശ്നങ്ങളുടെയും പരിഹാരം ഞങ്ങൾക്കറിയാം എന്നല്ല ഉദ്ദേശിക്കുന്നത്. വിനയത്തോടു കൂടിയ ഒരന്വേഷണത്തിലൂടെ അതു നമുക്ക് കണ്ടെത്താനാകും എന്ന പ്രതീക്ഷയാണ് ഞങ്ങൾ പുലർത്തുന്നത്.

സ്നേഹമാണ് ദൈവം. നീതിയാണ് മതം. അഹിംസയാണ് മാർഗ്ഗം. സത്യസന്ധതയാണ് അടയാളം. ജനാധിപത്യത്തിലൂന്നിയതാണ് നമ്മുടെ പ്രവർത്തനശൈലി.

ഇതാണ് ഞങ്ങൾ. ഇതുതന്നെയല്ലേ നിങ്ങളും? അപ്പോൾ പിന്നെ നമ്മൾ ഒറ്റ രാഷ്ട്രീയക്കാരല്ലേ?